# ഇലകൾ പച്ച



## ജി എച്ച് എസ് തേറ്റമല



# മുഖമൊഴി

അറിയാത്ത ഇടവഴികളിൽ
 പതറി നിന്നുപോയ
ബാല്യങ്ങൾക്ക്
അക്ഷര പച്ചപ്പ് വിരിയുന്ന
തേയിലക്കാടുകളിലെ ഇലകൾ
എന്നും പച്ചയായിരിക്കാൻ......



# പത്രാധിപ സമിതി

ആദിൽ റിഷാൽ
ഷജ ഫാത്തിമ
സെൻഹാൻ അമാൻ
നസീഹ ഫർഹാന
മുഹമ്മദ് ആസിഫ്
മുഹമ്മദ് ഹിജാൻ
അൻഷിത കെ.പി
നിഷാന ഫാത്തിമ
ഷഹന വി

# ഉള്ളടക്കം


1.വിദ്യാലയ ചരിത്രം
2.അനുഭവക്കുറിപ്പുകൾ
3.ജീവിത യാത്ര
4.മലയാളമേ നീ എത്ര സുന്ദരം..
5.Chat GPT
6.മലമുഴക്കി വേഴാമ്പൽ.
7.നനഞ്ഞ ഓർമ്മകൾ.
8.കഥകളി
9.അമ്മയ്ക്ക് തുല്യം അമ്മ മാത്രം.
10.കാട്ടിലെ കരി
11.യാത്രാനുഭവം
12.പെണ്ണകം..
13.The Bear And the Two Friends.
14.Hope......
15.ആമസോൺ അതിജീവനത്തിൻറെ കഥ.
16.അമ്മ എന്ന ഗുരു..
17.നരകത്തിൽ നിന്ന് സ്വർഗ്ഗത്തിലേക്ക്
18.മോഹം.

# എന്റെ വിദ്യാലയ ചരിത്രം

1955 ചെറിയ ഒരു പനയോലപ്പന്തലിൽ എകാധ്യാപക വിദ്യാലയമായി തേറ്റമല സ്കൂൾ രൂപം കൊണ്ടു. ഒരു പത്മനാഭൻ മാഷായിരുന്നു അന്നത്തെ അദ്ധ്യാപകൻ. അതിനു ശേഷം പൊയിൽ രാമക്കുറുപ്പ് എന്ന മഹാനായ മനുഷ്യൻ 96 സെന്റ് സ്ഥലം സ്കൂളിന് നൽകി. പിന്നീട് 54 സെന്റ് സ്ഥലം പൈസ കൊടുത്തു വാങ്ങി. കെ.സി അയമുട്ടിക്ക അടക്കമുള്ള കമ്മിറ്റി ആയിരുന്നു സ്ഥലം വാങ്ങിയിരുന്നത്. അങ്ങനെ അത് 1980–ൽ യു പി സ്കൂളായി അപ്ഗ്രേഡ് ചെയ്തു. തട്ടായി മൊയ്തീൻക് കുട്ടിയാക, കെ സി അയമുട്ടിക്ക, ബാബുട്ടിക്ക തുടങ്ങിയ അന്നത്തെ പി ടി എ വീടുകളിൽ പോയി കുരുമുളക് എടുത്ത് വിറ്റാണ് സ്കൂളിന്റെ മൂന്ന് മുറിയുള്ള ക്ലാസ് റൂം പണിതത് ചളിയിലായിരുന്നു പണി തീർത്തത്.

ക്രിസ്ത്യൻ മാനേജ്മെന്റ് ഏറ്റെടുക്കാൻ തീരുമാനിച്ചപ്പോൾ നാട്ടുകാരുടെ ശക്തമായ എതിർപ്പ് കാരണം അത് ഗവൺമെന്റ് സ്കൂൾ ആയി. പിന്നീട് 1987 ശേഷമാണ് മാറ്റങ്ങൾ വന്നു തുടങ്ങിയത്. അതു വരെ സ്കൂളിലേക്ക് വഴി ഉണ്ടായിരുന്നില്ല. അന്നത്തെ അധ്യയാപകനായിരുന്ന സത്യൻ മാഷ് ആണ് വഴിക്ക് സ്ഥലം വാങ്ങി നൽകിയത്. പിന്നീട് 2013–ൽ ആണ് സർവ്വ ശിക്ഷാ അഭിയാന്റെ ഫണ്ട് കിട്ടും എന്നുള്ള പ്രതീക്ഷയിൽ സ്കൂളിൽ അപ്ഗ്രയ്ഡ് ചെയ്തത്. പക്ഷെ അത് കേന്ദ്രം ( ആർ.എം.എസ്.എ) അങ്ങീഗരിച്ചില്ല. അതു കൊണ്ട് 2 വർഷത്തോളം അധ്യാപകരോ മറ്റ തസ്തികളോ ഒന്നും ഇല്ലാതെ രക്ഷിതാക്കളുടെ കയ്യിൽ നിന്നും കളക്ഷൻ എടുത്ത് പഠിപ്പിക്കേണ്ട അവസ്ഥ വന്നു. പിന്നീട് ഗവൺമെന്റ് മാറിയപ്പോൾ കേരള സർകാർ ഏറ്റെടുക്കുകയും തസ്തികകൾ അനുവദിക്കുകയും ചെയ്തു. വർഷങ്ങൾ കഴിഞ്ഞു. ഹൈസ്കൂൾ ആയി. ആ സമയത്തെ എച്ചം സത്യൻ മാഷ് ആയിരുന്നു. പിന്നീട് കുഞ്ഞമ്മദ് മാഷും അതിനു ശേഷം മെർലിൻ പോൾ ടീച്ചറും ജൂൺ മാസം വരെ രാജീവ് സാറും ഇപ്പോൾ മനോജ് മാത്യു സാറും ആണ്.




നമ്മുടെ സ്കൂളിൽ പഠിച്ച ഒരുപാട് കുട്ടികൾ വലിയ വലിയ നിലയിൽ എത്തിയിട്ടുണ്ട്. ജെ. എൻ. യു വിൽ നിന്ന് ഡോക്ടറേറ്റ് നേടിയ നജീബ്, പി. എച്ച്. ടി ചെയ്യുന്ന എം. കെ അയ്യൂബ്, എം.ബി.ബി.എസ് ചെയ്ത സിറാജ്, കാമറൂന്നിസ തുടങ്ങിയ ഒട്ടേറെ

ഗവൺമെന്റ് ഉദ്യോഗസ്ഥരും ഉണ്ടായിട്ടുണ്ട്.

2013–ൽ അപ്ഗ്രേഡ് ചെയ്തതിനു ശേഷം ഒരേക്കർ സ്ഥലം വാങ്ങുകയും അവിടെ ഗ്രൗണ്ട് നിർമ്മിക്കുകയും ചെയ്തു.

ഷജ ഫാത്തിമ

# അനുഭവക്കുറിപ്പുകൾ....

എന്റെ അവധിക്കാലം വളരെ വ്യത്യസ്തമായിരുന്നു എന്റെ 2019ലെ അവധിക്കാലവും 2020ൽ സ്ക്കൂളിൽ പോവാൻ കഴിയാത്തതിന്റെയും വിഷമം എനിക്ക് ഉണ്ടായിരുന്നു. സഹോദരികളോടൊപ്പം പല കളികളിൽ ഏർപ്പെട്ടു. ഉമ്മയെയും ഉപ്പയെയും സഹായിച്ചു കൊണ്ട് വീടിന്റെ മുറ്റത്ത് പൂക്കളും പച്ചക്കറി നട്ടും പരിചരിച്ചു.പിന്നെ കുറേ ബോട്ടിൽ ആർട്ടും ചെയ്തു. അതിനിടെ എന്റെ വീട്ടുകാർക്കും എനിക്കും കൊറോണ വന്നു.പിന്നെ വീട്ടിൽ തന്നെയായി.പുറത്തിറങ്ങാൻ പറ്റാത്തതുകൊണ്ട് വീട്ടിനകത്ത് നിന്ന് ചിത്രം വരച്ചും കഥകൾ വായിച്ചും ദിവസം മുന്നോട്ട് പോയി. പിന്നെ ആ ദിവസം അങ്ങനെ കടന്നു പോയി.



പെട്ടന്ന് ഒരു ഞെട്ടൽ ഉപ്പാന്റെ സഹോദരൻ ഞങ്ങളിൽ നിന്ന് വിട പറഞ്ഞു. അത് എല്ലാവരെയും സങ്കടപ്പെടുത്തുന്ന കാര്യം ആയിരുന്നു. അവസാന ചുമ്പനം നൽകാൻ പോലും സാധിച്ചില്ല.അങ്ങനെ ജൂൺ 5 പരിസ്ഥിതി ദിനം അങ്ങനെ ഞങ്ങൾ തൈകൾ വാങ്ങി പറമ്പിലും വയലിലുമൊക്കെ നട്ടു പിടിപ്പിച്ചു. അങ്ങനെ ബന്ധുവീട്ടിലും ഉമ്മയുടെ വീട്ടിലും പോയി നാളുകൾ... സ്ക്കൂൾ തുറക്കുമെന്ന പ്രതീക്ഷയുമയി....

നിഷാന ഫാത്തിമ
9A

# ജീവിത യാത്ര




അറിയുമോ നിനക്കൊന്നറിയുക.
എവിടെ നിന്നെത്തിയെന്നും നീ
എന്തിനായ് വന്നുവെന്നും

കിളികളും കളമൊഴികളും
രാഗവും താളവും കിനാക്കളും
ഇന്നേലെയുമിന്നും നാളെയും
ഓർമ്മയായ് മാറുവെന്നോർക്കുക.
പണ്ടേ കവി പാടി മറിഞ്ഞല്ലോ
ഇന്ന് ഞൻ നാളെ നീയെന്ന
ലോകസത്യമാമാപ്തവാക്യം.
എല്ലാമറിയുന്നവൻ നീയെന്നാലും
എന്തിനായീ കെട്ടുകാഴ്ചകൾ !
എന്തിനായീ പ്രഹസനങ്ങൾ !
ഓർക്കുക നീയെല്ലായിപ്പോഴും
നല്ലകാര്യം മാത്രം ചെയ്തു
മണ്ണിലേക്കു മടങ്ങേണ്ടവൻ നീ !

**നിവീന നൗറിൻ**
**9B**

# മലയാളമേ നീ എത്ര സുന്ദരം

കൈരളി  പാടിയ മലയാളം
തുഞ്ചൻ പാടിയ മലയാളം
കുഞ്ചൻ തുള്ളിയ മലയാളം
ചെറുശ്ശേരി പാടിയ മലയാളം



ഉണ്ണായി വിരചിച്ച മലയാളം
ഭാഷതൻ  മന്ത്രമോതിയ മലയാളം
മർത്ത്യ ജന്മത്താൽ സൗഭാഗ്യം
കേരകോദാര ശ്യാമസുന്ദര

ഭൂമികയിൽ ഗാനം വിരിയിച്ച്
അമ്പത്തൊന്നക്ഷരത്തിൽ  ചാലിച്ച്
മലയാള നാടിൻ നിറുകയിൽ
മലരുവിരിയിച്ച മലയാളമേ
നീ എത്ര സുന്ദരം......

ഹർസീൻ സി എച്ച്
10 B

# CHAT GPT




ചാറ്റ് ജി.പി.ടീ യെക്കുറിച്ച് നിങ്ങൾ കേട്ടിട്ടുണ്ടോ?ആ ഒരു ആപ്ലിക്കേഷനാണിത്. ആ ആപ്ലികേഷൻ കൊണ്ടുള്ള ഉപയോഗങ്ങൾ, ഗുണവശങ്ങൽ,ദോഷവശങ്ങൽ എന്തൊക്കെയാണെന്ന് പരിശോദിക്കാം.....

2015ൽ അമേരിക്കയിൽ ആരംഭിച്ച ഒരു കമ്പിനിയാണ് ഓപ്പൺ ആൾ.സാം വോട്ട്മാൻ എന്ന വ്യക്തിയാണ് കമ്പിനിയുടെ പ്രധാന നിർമ്മാതാവ്. ഇവർ കൂടുതൽ ശ്രദ്ധ പതിപ്പിക്കുന്നത് ആർട്ടിഫിഷ്യൽ ഇന്റലിജൻസിയിലാണ് ലഭിക്കുന്ന ചോദ്യങ്ങൾ കൃത്യമായി മനസ്സിലാക്കി ലളിതമായ ഭാഷയിൽ മറുപടി നൽകളാണ് ജനറേറ്റിവ് എ.ഐ യുടെ പ്രധാന ധർമ്മം.

നാം ഒരു ചോദ്യം ചോദിക്കുമ്പോൾ അതിനെ മനസ്സിലാക്കുന്നതാകുന്ന ഒരുപാട് വിവരങ്ങൾ ലളിതമായ ഭാഷയിൽ അവയ്ക്കുള്ളിൽ ക്രമീകരിക്കപ്പെട്ടിട്ടുണ്ട് ഇവയിൽ നിന്ന് ഉചിതമായ തിരഞ്ഞെടുത്ത് നൽകുകയാണ് ചാറ്റ് ജി.ടീ.പി ചെയ്യുന്നത്

ഈ മേഖലയിൽ ധാരാളം ആപ്ലിക്കേഷൻസ് വന്നിട്ടുണ്ടെങ്കിലും തെറ്റായ ഇൻഫർമേഷൻ ആണ് അവയിൽ നിന്ന് കൂടുതലും ലഭിച്ചിരുന്നത്. എന്നാൽ ജി.ടീ.പി നൽകുന്ന വിവരങ്ങൾ 99% വും കൃത്യമാണെന്ന് പറയാം.

നമ്മൾ നൽകുന്ന വലിയ ഭാഗങ്ങൾ വളരെ ചുരുക്കി ലളിതമായ പ്രാദേശിക ഭാഷയിൽ അവതരിപ്പിക്കുകയും നാം ചോദിച്ച ചോദ്യത്തിൽ പിഴവുണ്ടെങ്കിൽ തിരുത്തിതരുകയും ചെയ്യുക മാത്രമല്ല... ഏതു ഭാഷയും എളുപ്പത്തിൽ വിവർത്തനം ചെയ്യാനുള്ള കഴിവ് കൂടി ജി.പി.ടി ക്ക് ഉണ്ട്. ഇങ്ങനെ ധാരാളം മെച്ചങ്ങൾ ഉണ്ട് ജി.പി.ടീ ക്ക്.

എന്തെങ്കിലും ജി.പി.ടീ ക്കുമുണ്ട് ചില പരിമിതികൾ... 2021വരെയുള്ള വിവരങ്ങൾ മാത്രമേ ജി.പി.ടീ യിൽ നമ്മുക്ക് ലഭിക്കുന്നുള്ളു. ഉദാഹരണത്തിന് ഇപ്പോയത്തെ അമേരിക്കൻ പ്രസിഡന്റ് ആര് എന്ന് ചോദിച്ചാൽ ആപ്ലിക്കേഷൻ നൽകുന്ന ഉത്തരം ശരിയായിരിക്കില്ല.

ഫെബിന ഷെറിൻ
9A

# മലമുഴക്കി വേഴാമ്പൽ



കേരളത്തിന്റെയും അരുണാചൽ പ്രദേശിന്റെയും സംസ്ഥാന പക്ഷിയാണ് മലമുഴക്കിവേഴാമ്പൽ. മരമീത്തലചി എന്ന വേഴാമ്പൽ കുടുംബത്തിലെ അംഗമാണ്.മലകളിൽ പ്രതിദ്ധ്വനിക്കുന്ന ശബ്ദവും ശക്തമായ ചിറകടിയൊച്ചയുമാണ് ഇവയ്ക്ക് മലമുഴക്കി എന്ന് പേര് വരാൻ കാരണം. ഏഷ്യയിൽ തന്നെ ഏറ്റവും വലുപ്പമേറിയ വേഴാമ്പൽ ഇനമാണ് ഇത് പെൺ വേഴാമ്പലിന് ആണിനേക്കാൾ വലുപ്പം കുറവാണ്. ആണിന് ചുവന്നതും പെണ്ണിന് നീല കലർന്ന വെളുത്ത കണ്ണുകളാണ് ഉള്ളത്. ഇവയുടെ കൊക്കുകൾ താഴേക്കു വളഞ്ഞു നീണ്ടതും ശക്തിയേറിയതുമാണ്. കറുപ്പും മഞ്ഞയും കലർന്ന തലയ്ക്ക് മുകളിലുള്ള മുകുടം, കറുത്ത ചിറകിന്റെ അറ്റത്തെ വെളുത്ത നിറം, വെളുപ്പും കറുപ്പും കലർന്ന വാൽ എന്നിവ മലമുഴക്കി വേഴാമ്പലിന്റെ പ്രത്യേകതയാണ്. ഏകദേശം 50 വർഷമാണ് ആയുസ്സ്.

പഴങ്ങൾ പുഴുക്കൾ പ്രാണികൾ ചിലതരം ഇലകൾ എന്നിവയാണ് പ്രധാന ഭക്ഷണം. ചെറിയ ഒരനക്കമോ കേട്ടാൽ വളരെയധികം ജാഗ്രത പാലിക്കുന്നവരാണ് അവ. അവ കൂട്ടമാഴാണ് കഴിയുന്നത്.ഒരു കൂടുംമ്പത്തിൽ 20 ഓളം വേഴാമ്പ് ആണുള്ളത്. കാട്ടിലെ ഏറ്റവും ഉയരമുള്ളതും ശിഖരങ്ങൾ കുറവുള്ളതും ആയ മരത്തിന്റെ പൊത്താണ് കൂടുണ്ടാക്കാനായി ഇവ തിരഞ്ഞെടുക്കുന്നത്.

പെൺ പക്ഷികൾ മുട്ടയിടാനായി പൊത്തിൽ കയറിയാൽ തൂവൽ പൊയിക്കും.ഈ തൂവലുകൾ ഉപയോഗിച്ചാണ് കൂട് ഒരുക്കുന്നത്. വേഴാമ്പലുകൾക്ക് ഒരു ഇണ മാത്രമാണ് ഉണ്ടാവുകയുള്ളൂ.. കൂടിനു ഉള്ളിലെ കുഞ്ഞുങ്ങൾക്കും അമ്മക്കും തീറ്റ തേടി അലഞ്ഞു അവ പകർന്നു കൊടുക്കുകയാണ് ആൻ വേഴാമ്പലിന്റെ ജോലി കേരളത്തിലെ നെല്ലിയാമ്പനി ആതിരപ്പള്ളി വാഴച്ചാൻ ചെന്തുരുന്തി കാടുകളിലാണ് ഇവ സാധാരണയായി കണ്ടുവരുന്നത്.

# നനഞ്ഞ ഓർമകൾ...

പുത്തനുടുപ്പിട്ട് ബാഗും കയ്യിൽ ഒരു വെള്ളക്കുപ്പിയും ആയി യാത്ര... അപരിചിതൻ പ്രിയപ്പെട്ടവരാകാൻ നിമിഷങ്ങൾ മതിയെന്ന ആദ്യത്തെ പാഠം... ആദ്യാക്ഷരം നുകരാനുല്ല ആഹ്ലാദം. ആദ്യ ദിവസത്തെ ആഘോഷം ഓരോ കുട്ടികൾക്കും ഉണ്ടാകും. പുതിയ പുതിയ ഓർമ്മകൾ സമ്മാനിച്ചും കൂട്ടുകാരും അധ്യാപകരും ആശ്രയമായും ആശ്വാസമായും അധ്യാപകർ ഓരോ ചുമലുകൾക്കും ബെഞ്ചുകൾക്കും ഉണ്ടാകും പറയാൻ. സ്ക്രൂളിലേക്ക് പോകുന്ന ആദ്യ ദിവസം കരഞ്ഞു കൊണ്ടോ ചിരിച്ചു കൊണ്ടോ ആയാലും ആ സ്ക്രൂൾ വിട്ട് പോകുന്ന അവസാന ദിനം ചിരിച്ചു കാണാൻ ബുദ്ധിമുട്ടാണ്. ചോറ്റുപാത്രത്തിൽ കയ്യിട്ട്
വാരുന്നവർ,ചിന്തിപ്പിക്കുന്നവർ,ചിരിപ്പിക്കുന്നവർ,ആശ്വാസമായവർ, തണലായവർ അങ്ങനെ ഒരുപാട് ഓർമകൾ സമ്മാനിചവർ. നനയാത്ത മഴ കഥയിലെ ഓർമയിലുണ്ടാകും ഒരു നനഞ്ഞ മഴ.... ചിരിചതോർത്ത് കരയാനും കരഞ്ഞതോർത്ത് ചിരിക്കാനും കാരണങ്ങൾ കിട്ടുന്നു. എന്തെങ്കിലുമൊരു നിലയിൽ എത്തിയിട്ടുണ്ടെങ്കിൽ ചേർത്തു പിടിച്ച അധ്യാപകരുടെ കൂട്ടുകാരുടെ കുടുംബാംഗങ്ങളുടെ സമൂഹത്തിന്റെ പിന്തുണ ആയിരിക്കും.



ബോഡിലെ ചോക്ക് പൊടി ഒപ്പി എടുത്തപോലേ ഒരു കുട്ടിയുടെയും ജീവിതത്തെ  ഒപ്പി എടുത്തവരായിരിക്കും അദ്ധ്യാപകർ. ചീത്ത കാര്യങ്ങളെ തൊട്ട് വിലക്കുകയും നല്ല കാര്യങ്ങൾ പ്രേരിപ്പിക്കുകയും ചെയ്ത അദ്ധ്യാപകർ , കഴിവുകൾ കണ്ടറിഞ്ഞ് വികസിച്ചവർ, വായനയുടെ അത്ഭുത ലോകത്തേക് കൈ പിടിച്ചുയർത്തിയവർ മായിച്ചു കളയാൻ പറ്റാത്ത ഇത്തരം ഓർമകൾ.

# കഥകളി

കേരളത്തിന്റെ തനതായ ദൃശ്യ രൂപമാണ് കഥകളി.കഥ കളിച്ചു കാണിക്കുന്നത് കൊണ്ടാണ് ഈ കലാ രൂപത്തിന് കഥകളി എന്ന പേരുകിട്ടിയത്. രാമനാട്ടം എന്ന കല പരിഷ്കരിച്ചാണ് കഥകളി ഉണ്ടായത്

കഥകളിയിലെ വേഷങ്ങൾ പ്രധാനമായും പച്ച , കത്തി , കരി , മിനുക്ക് , വെള്ളത്താടി , ചുവന്നതാടി എന്നിവയാണ്.ചെണ്ട , മദ്ദളം , ഇലത്താളം , ചേങ്ങില തുടങ്ങിയവയാണ് കഥകളിക്ക് ഉപയോഗിക്കുന്ന വാദ്യങ്ങൾ.




പുരാണകഥകളാണ് പ്രധാനമായും കഥകളിക്കായി ഉപയോഗപ്പെടുത്തുന്നത്. മനോഹരമായ കിരീടങ്ങളും , ആദരണങ്ങളും , വസ്ത്രങ്ങളും നടന്മാർ ഉപയോകികുന്നു. കേരള കലാമണ്ഡലം കോട്ടയ്ക്കൽ പി.എസ്.വി കഥകളി പരിശീലന കേന്ദ്രം എന്നിവ കേരളത്തിലെ പ്രധാന കഥകളി പരിശീലന കേന്ദ്രങ്ങളാണ്.

ദിൽന ഫാത്തിമ
*10* B

# അമ്മയ്ക്ക് തുല്യം അമ്മ മാത്രം

' അ ' യിൽ തുടങ്ങുന്ന ഭാഷ. അമ്മയിൽ ഉണരുന്ന സ്നേഹം. അമ്മ എന്ന അക്ഷരത്തിന്റെ അർത്ഥവും വ്യാപ്തവും കണ്ടെത്തുക എന്നത് അതിർ വചനീയവും അപ്രാപ്യമായ കാര്യമാണ്. അമ്മ ലോകത്തിലെ ഏറ്റവും മനോഹരമായ പദം. അമ്മ , ഉമ്മ എന്നങ്ങനെ വിളിച്ചാലും വിളിക്കുന്നയാളിനും കേൾക്കുന്നയാളിനും ഇന്നും എത്രയേറെ സംതൃപ്തി നൽകുന്ന ഒരു വാക്ക് ഒരു ഭാഷയിലും കാണില്ല.

നമ്മുക്ക് നമ്മുടെ അമ്മമാരോട് അടുപ്പം ഇത്തിരി കൂടുതലാണ്. കാരണം പിറന്നുവീണ അന്ന് മുതൽ എന്നും എപ്പോഴും ആ തുണ അല്ലെങ്കിൽ ആ തണലില്ലാതെ നമുക്ക് പറ്റില്ല. പിച്ചവെച്ച് നടന്ന കാലം മുതൽ ഈ ലോകത്ത് ഇന്ന് നമ്മൾ വിടപറയുന്നത് വരെ സുഖത്തിലും ദുഃഖത്തിലും ഒരെ പോലെ ഉരുവിടുന്ന ഒരു പേരാണ് അമ്മ. നല്ലതായലും ചീത്തയായാലും സങ്കടം വരുമ്പോയും സന്തോഷം തോന്നുമ്പോയും ഞാൻ ഓടി എത്തുന്നത് എന്റെ അമ്മയുടെ അടുത്താണ്. ആ തലോടൽ അല്ലെങ്കിൽ ആ സ്വാന്തനം ആഗ്രഹിക്കാത്തവരുണ്ടോ?



എന്റെ ഉയർച്ചയിലും താഴ്ച്ചയിലും ഇന്നും എനിക്ക് ഒരു കൈത്താങ്ങായി തുണയായി എന്റെ ഉമ്മയുണ്ട്. ഉമ്മയിലേക്ക് എന്നെ അടുപ്പിച്ചതിനും കാരണങ്ങൾ പറയാൻ കാലത്തിന് ഏറെയുണ്ട്. ഇന്ന് ഞാൻ ഒരു മകളാണ്. എനിക്ക് മികച്ച ജീവിത സാഹചര്യങ്ങൾ ഉണ്ടാക്കി തരണമെന്നാണ് എന്റെ അമ്മ ആഗ്രഹിക്കുന്നത്. തന്റെ അമ്മയുടെ യുക്തി ചിന്തയും കർമ്മ ബോധവും എന്നിൽ ഉണ്ടോ എന്ന് എനിക്ക് ഇപ്പോഴും സംശയമാണ്. എന്റെ ഓരോ ചലനവും എന്റെ അമ്മക്ക് മനസ്സിലാകാൻ കായിഞ്ഞിരുന്നു. കാലം മാറി ജീവിത രീതികളും മാറി. അമ്മയുടെ ഉത്തരവാദിത്വങ്ങൾ കൂടി.

ഓരോ ചുവടുകളിലും വളരെ കരുതലോടെ സ്വന്തം മക്കളെ കാത്ത് സൂക്ഷിക്കാൻ ഇന്നത്തെ കാലത്തെ അമ്മമാർക്ക് ഇഷ്ട്ടപ്പെടുന്നു. അനുദിനം വരുന്ന വിപത്തുകൾ എന്നിലെ അമ്മയെ ആശങ്കപ്പെടുത്തുന്നു. എന്നും ഇനി എന്റെ അമ്മക്ക് തുല്യം അമ്മ മാത്രം ആയിരിക്കും.

അയിഷ റിൻഷ

# കാട്ടിലെ കരി

ഞാൻ വായിച്ചിട്ടുള്ളതും ഇഷ്ടപ്പെട്ടതും ആയ ഒരു പുസ്തകം. ' ഉണ്ണികൾക്കൊരു ആനപുസ്തകം.' ചെറിയ കുട്ടികൾക്ക് വായിക്കാനും രസിക്കാനും കഴിയുന്ന ചെറിയ പൂതകം. സീ.പി വള്ളിപ്പൂറം എയുതിയതാണ് ഇതിലെ കഥകൾ.

ഞാൻ ഇനി ഈ കഥയെ കുറിച്ച് പറയാം. ലോകത്തിലെ ഒരു മഹാത്ഭുതമാണ് ആന. ആനയെക്കുറിച്ച് അറിയാൻ വേണ്ടി തയ്യാറാകിയ പുസ്തകം. ആനക്കമ്പക്കാരുടെ നാടാണ് നമ്മുടെ കേരളം. ആനയുടെ ചങ്ങലകളുടെ കിലുക്കം.ഒന്നും നോക്കാതെ ആരെങ്കിലും ഉണ്ടോ ഈ മലയാളക്കരയിൽ. എന്തുപറയാൻ കേരളത്തിന്റെ ദേശീയ മൃഗം ആനയല്ലേ. മലയാളികളുടെ പൂരങ്ങളിലും മേളങ്ങളിലും എല്ലാം ഗജവീരന്മാരായി നേറ്റിപ്പട്ടം കെട്ടിനിൽക്കുന്നതും ആനയാണ്.

എന്നാൽ കാടുകളിൽ സ്വതന്ത്രരായി വിരാജിക്കുന്ന ആന... നമ്മുടെ നാട്ടിൽ കുലുകളിൽ ചങ്ങലകൾ ഇട്ട്... നെറ്റിപ്പട്ടം കെട്ടി... നമ്മളെല്ലാം അത്ഭുതത്തോടെ നോക്കുന്ന ആന വിഷമിക്കുന്നുണ്ടെന്ന് നിങ്ങൾക്കറിയാമോ?...



ചെറിയ ശബ്ദം പോലും ആനക്ക് വളരെ അസ്വസ്ഥതയുണ്ടാക്കുന്നു. അങ്ങനെ ഉള്ള ആനയുടെ മൂന്നിൽ വച്ചാണ് നമ്മൾ വെടിക്കെട്ടും ചെണ്ട മേളവും നടത്തുന്നത്.

ആനക്ക് രണ്ടുതരം ഘ്രാണേന്ദ്രിയങ്ങൾ ഉണ്ട്. ആനയുടെ ഏറ്റവും വലിയ സവിശേഷതയിൽ പെടുന്നതാണ് അവയുടെ ഓർമശക്തിയും പതിറ്റാണ്ടുകൾ കഴിഞ്ഞാലും അവ ഗന്ധം ഓർത്തിരിക്കും..

ഫെറമോൺ എന്ന ബാഹ്യശ്രമങ്ങൾ സ്വന്തം അധികാര മേഖല അടയാളപ്പെടുത്താനും ഇണത തേടാനും ആനകൾ ഉപയോകിക്കും.പ്രായം കൂടുന്തോറും മാതങ്ജലം രൂക്ഷ ഗന്ധമുള്ളതാകുന്നു. അതിൽ ഫ്രോണ്ടലിൻ എന്ന ഫെറോമോൺ പ്രത്യക്ഷപ്പെടുന്നു.പി.എച്ച് മൂല്യം വളരെ കുറയുന്നു. മാതങ്ജലം ഉപയോഗിച്ചാണ് ആനകൾ ഇണയെ കണ്ടെത്തുന്നത്.

ആനയുടെ കാലുകളുടെ അടിഭാഗം വളരെ മൃതുവാണ്. ആ ആനയാണ് നമ്മൾ തിളച്ച ടാറൂള്ള റോഡിലൂടെ നടത്തിക്കുന്നത്.. എന്തൊരു ക്രൂരനാണ് മനുഷ്യൻ... നമ്മുടെ സന്തോഷത്തിൽ ഒരു മൃഗത്തെ ഉപദ്രവിക്കുകയില്ലേ...

കണ്ടാലും കണ്ടാലും മതിവരാത്ത കൗതുകമാണ് ആന. കേട്ടാലും കേട്ടാലും കൊതി തീരാത്ത മഹാതഭുതമാണ് ആന!

സെൻഹാൻ അമാൻ
8B

# യാത്രാനുഭവം

എന്റെ ജീവിതത്തിൽ മറക്കാനാവാത്ത ഒരു അനുഭവമാണ് ഞാനും എന്റെ കുടുംബവും ഒത്തുചേർന്നുള്ളൊരു യാത്ര.

ഈ പ്രാവശ്യത്തെ സ്ക്രൂൾ വെക്കേഷൻ സമയത്ത് എന്റെ സിസ്റ്റത്തിന്ന് പാസ്സ്പോർട്ട് എടുക്കാൻ ഞങ്ങൾ എല്ലാവരും കണ്ണൂർ പോയിരുന്നു. ആ ദിവസത്തെ അനുഭവങ്ങൾ ഇന്നും എന്റെ മനസ്സിൽ അലയടിക്കുന്നുണ്ട്. അന്ന് പാസ്സ്പോട്ട് ഓഫീസിൽ നിന്ന് ഞങ്ങൾ ഒരു ഹോട്ടലിൽ കയറി ഫുഡ് കഴിച്ചു. നേരെ 'മുഴപ്പിലങ്ങാടി ' ബീച്ചിലേക്കാണ് പോയത് അവിടെ ചിലവിട്ട് ഓരോ നിമിഷങ്ങളും വർണിക്കാൻ പറ്റാത്തതായിരുന്നു.രാത്രി 07:00യൊടേയാണ് ഞങ്ങൾ ബീച്ചിൽനിന്നും പുറപ്പെട്ടത്.




പിന്നീട് ഞങ്ങൾ ഒരു' റസ്റ്റോറന്റിലെക്കാണ് പോയത്.' ജീവിതത്തിൽ ഇതുവരെ കഴിക്കാത്ത വിഭവങ്ങളാണ് കഴിച്ചത്.രണ്ടര വർഷത്തിന്ന് ശേഷം എന്റെ ഉപ്പ നാട്ടിലേക്ക് വന്നസമയമായിരുന്നു അത് ഉപ്പയും കൂട്ടെയുള്ളത് കൊണ്ടായിരിക്കാം ആ യാത്ര അത്രമേൽ ഭംഗിയായത്.രാത്രി 10:00യോടെ ആണ് ഞങ്ങൾ കണ്ണൂരിൽനിന്ന് തിരിച്ചത്. അങ്ങനെ പുലർച്ചേ 02:00 യോടുകൂടെ ഞങ്ങൾ വീട്ടിൽ തിരിച്ചെത്തിയത്. നമ്മുടെ ഫാമിലി ഒത്തുള്ള യാത്ര നമുക്ക് ഒരിക്കലും മറക്കാത്ത ഓർമകളാണ് സമ്മാനിക്കുക.

# പെണ്ണകം

രാത്രിയുടെ യാമത്തിൽ മയങ്ങുകയണ് അവൾ.കൊച്ചു കൊച്ചു സ്വപ്നങ്ങൾ കണ്ട് അതിൽ സന്തോഷം കണ്ടെത്തി ഉറങ്ങുകയണ് അവൾ ...ഉറക്കത്തിൽ അസ്വതത തോന്നിയ അവൾ എഴുന്നേൽറ്റു ചുറ്റും നോക്കി .നേരിയ വെളിച്ചത്തിൽ വിരിപ്പിൽ പടർന്ന രക്തകറ കണ്ട് അവൾ അലറി വിളിച്ചു.ഒച്ചവെക്കുമ്പോൾ അവൾ അറിഞ്ഞിരുന്നില്ല തന്റെ സ്വതന്ത്ര്യത്തെ നിഷേധിക്കുന്ന ദിനങ്ങൾ വരുന്നു എന്നത്....എല്ലാത്തിനും അതിരുകൾ ഏർപ്പെടുത്തുമെന്ന് ആ ചെറിയ പ്രായത്തിൽ അവൾക്ക് അതിനെ ഉൾകൊള്ളാൻ ബുദ്ധിമുട്ടയിരുന്നു.പിന്നീടുള്ള ദിവസങ്ങളിൽ അവൾക്ക് ഏകാന്തത അനുഭവപെട്ടു തുടങ്ങി.ഒന്ന് പുറത്തിറങ്ങാൻ പോലും വിലക്കേർപ്പെട്ടുത്തി.തന്റെ സ്വാതന്ത്ര്യംനിഷേധിക്കപെട്ടു എന്നവൾ പതിയെ മനസ്സിലാക്കി.അത് ഉൾകൊള്ളാൻ കഴിയാത്തതിനാൽ അവൾ തനിക്കുള്ള സ്വാതന്ത്ര്യത്തിന് വേണ്ടി എതിർത്ത് സംസാരിക്കാൻ തുനിഞ്ഞു.



പക്ഷെ അവളുടെ വായാടപ്പിക്കാൻ ഒരേയൊരു വാക്ക് മതിയായിരുന്നു.

' നീ പെണ്ണാണ് "....

ഈ ഒരു വാജകത്തിൽതുടങ്ങി അവളുടെ സ്വാതന്ത്ര ലംഘനം. എന്തിനും ഏതിനും " നീ പെണ്ണാണ്...... " എന്ന് പറഞ്ഞ് അതിരുകൾ വച്ചു. അവളുടെ ആഗ്രഹങ്ങൾക്കും സ്വപ്നങ്ങൾക്കും അവിടെ മൂല്യം ഇല്ലാതായി.അവളുടെ വിദ്യഭ്യാസനം പോലും പലരുടെയും അഭിപ്രായത്തിൽ ആയി. അവൾക്ക് എന്താണ് വേണ്ടത് എന്നതിനെ പറ്റി സംസാരിക്കാൻ പോലും അവസരം നൽകിയില്ല . വീട്ടുകാരുടെ ഇഷ്ടത്തിനനുസരിച്ച് ആടുന്ന പവയായി തീർന്നു അവൾ . പതിനെട്ട് വയസ്സ് പൂർത്തിയായപ്പോൾ വിദ്യഭ്യാസത്തിന് വിലക്കേർപ്പെടുത്തി.തനിക്ക് കിട്ടേണ്ട അവകാശത്തെറ്റി അവൾ വാധിചെങ്കിലും അവൾക്ക് ലഭിച്ച മറുപടി 'നീ പെണ്ണാണ് " എന്ന ഒരു വാചകം മാത്രമാണ്.ആരുടെയൊക്കെയോ ഇഷ്ടങ്ങൾക്ക് അനുസരിച്ച് അവളുടെ വിവാഹം നടത്തി.അവിടെയും അവൾക്ക അതിർ വരച്ചു.ജീവിതം മുഴുവൻ അടുക്കളയിൽ മാത്രം തീർക്കാൻ ആയിരുന്നു അവളുടെ യോഗം. സ്വന്തം വീട്ടിൽ പോയാൽ മകൾ എന്നതിന് പകരം 'വിരുന്നുകാരി'എന്ന സ്ഥാനം മാത്രമായി അവൾക്ക്.

അവളുടെ ഉദരത്തിൽ ഒരു കുഞ്ഞു ജീവൻ വളരുന്നുണ്ടെന്ന് അറിഞ്ഞ എല്ലാവരും ആഹ്ലാദനം പ്രകടിപ്പിച്ചു.തന്റെ ഉള്ളിലെ ജീവന്റെ തുടിപ്പറിഞ്ഞു അവളും സന്തോഷവതിയായി. പത്ത് മാസത്തോളംഅവൾ സുരക്ഷിതമായിരുന്നു.അവളുടെ ഓരോ ചുവടുവെപ്പ് പോലും തന്റെ കുഞ്ഞിനാലുല്ലതായിരുന്നു.ശരീരത്തിലെ മുഴുവൻ എല്ലുകളും നുറുങ്ങുന്ന വേദന സഹിച്ചു അവൾ ഒരു കുഞ്ഞിന് ജീവൻ നൽകി.പിന്നീട് അവളുടെ ജീവിതം ആ കുഞ്ഞിലെക്ക് മാത്രമായി ഒതുങ്ങി . " അമ്മ " എന്ന വിളിയിൽ ലോകം മുഴുവൻ എത്തിപിടിച്ച സന്തോഷം അവൾക്ക് അവൾ
സുരക്ഷിതമായിരുന്നു.അവളുടെ ഓരോ ചുവടുവെപ്പ് പോലും തന്റെ കുഞ്ഞിനാലുല്ലതായിരുന്നു.ശരീരത്തിലെ മുഴുവൻ എല്ലുകളും നുറുങ്ങുന്ന

അവൾ സുരക്ഷിതമായിരുന്നു.അവളുടെ ഓരോ ചുവടുവെപ്പ് പോലും തന്റെ കുഞ്ഞിനുലള്ളതായിരുന്നു.ശരീരത്തിലെ മുഴുവൻ എല്ലുകളും നുറുങ്ങുന്ന വേദന  സഹിച്ചു അവൾ ഒരു കുഞ്ഞിന് ജീവൻ നൽകി.പിന്നീട് അവളുടെ ജീവിതം ആ കുഞ്ഞിലെക്ക് മാത്രമായി ഒതുങ്ങി . " അമ്മ  " എന്ന വിളിയിൽ ലോകം മുഴുവൻ എത്തിപിടിച്ച സന്തോഷം അവൾക്ക്

ഉണ്ടായി. അവളുടെ ആഗ്രഹങ്ങളും,സ്വപ്നങ്ങളും എല്ലാം മറന്ന് അവൾ ജീവിതാവസാനം വരെ ആ കുഞ്ഞിന് വേണ്ടി ജീവിച്ചു .

' സ്ത്രീ...അവൾ ഒരു വീടിന്റെ തൂണാണ്. ഒരു വീടിന്റെ തറ മുതൽ മേൽകൂര വരെ അവളാണ് 'എന്നൊക്കെ കവികൾ പാടി . അവളെ വാഴ്ത്തി പറഞ്ഞു.എന്നാൽ ഒരു സ്ത്രീയെ അടിച്ചമർത്തി,അവളുടെ സ്വാതന്ത്ര്യത്തിന് കടിഞ്ഞാണിട്ട്,അവളുടെ മേൽ ആധിപത്യം സ്ഥാപിച്ച് ആഗ്രഹങ്ങൾ നിഷേധിച്ച് അവളെ തസ്തി കെട്ടി ചിലർ പറയുന്നു 'നീ പെണ്ണാണ് ....'നിനക്ക് പോകാവുന്നതിൽ അതിരുകൾ ഉണ്ട് എന്ന് "ഈ അടിച്ചമർത്തിയവരെക്കാൾ കൂടുതൽ യോഗ്യത ഒരു പക്ഷേ ആ അടിച്ചമർത്തപ്പെട്ട സ്ത്രീക്കായിരിക്കും".

# THE BEAR AND THE TWO FRIENDS

One day,two friends were walking through the forest they knew the forest was a dangerous place and that anything could happen. So they promi- sed to remain close to each other in case of any danger.

All of a sudden, a big bear was approaching them. One of the friends quickly cli- mated a nearly tree, learing the other friends behi- nd. The other friend did not know to cilmb and instead, folloewd commonsense he laid down on the ground and remained there, greathless, pretending to be dead.

The bear approached the friend lying on the ground. The animal started to smell his car before slowly wandering off again because lears never touch those who are dead soon the friend who hid in the tree came down he asked his friend "what did the bear whisper into Your ears!"the friend replaid "the bear simply advised me never to belive a false friend.

Moral: A true friends will always supp- ort and stand by your cany situation.

# HOPE

Sometimes it feels that
Waves has struck in my mind
But at some glimpse,that
Waves are sreeming in my head
The night be embracing me
With coldy sorrows of breeze.
My hands be welcoming the sea with
open hands seeking for fresh breeze.


These my imaginations
has reached its destination
But some more share are waiting
so forsed my heart and sinew for depart
but somewhere it is still in shore
waiting for my arrival
As in my imagination.



# ആമസോൺ- അതിജ്ജീവനതിന്റെ കഥ

ലോകത്തിലെ ഏറ്റവും വലിയ ഉഷ്ണ മേഖല മഴക്കാടുകളാണ് ആമസോൺ മഴക്കാടുകൾ .....ഭൂമിയിൽ 20% ഓക്സിജൻ നൽകുന്നത് ആമസോൺ കാടുകളാണ്.തെക്കേ അമേരിക്കയിലാണ് ആമസോൺ മഴക്കാടുകൾ.ഏകദേശം 4000 ത്തോളം സസ്യകാലങ്ങലും 1300 വിവിധ തരം പക്ഷികളും 2000 ത്തോളം മൽസ്യങ്ങളും നിരവധി സസ്തനികളും ഈ കാടുകളിലുണ്ട്.ലോകത്തിലെ 10% ത്തോളം ജൈവവൈവിധ്യമുള്ള സ്ഥലമാണിത്.ഏകദേശം 400-500 അമേരിക്കൻ ഗോത്ര വർഗ്ഗക്കാർ ഇവിടെയാണ് സിക്കുന്നത്.അവരുടെ ഭാഷയും സംസ്കാരവും വ്യത്യസ്തമാണ്.

2023 ജൂൺ മാസം ഉണ്ടായ വിമാനഅപകടത്തിൽ (തെക്കേ അമേരിക്കൻ രാജ്യമായ കൊളമ്പിയയിൽ ആമസോൺ മഴക്കാടുകളിൽ) മുതിർന്ന 3 യാത്രകാരുടെ മരണം സ്ഥിതീകരിച്ചെങ്കിലും ഒപ്പമുണ്ടായിരുന്ന നാല് കുട്ടികളെ കുറിച്ച് ഒരു വിവരവുമുണ്ടായിരുന്നില്ല. എന്നാൽ 40 ദിവസത്തിന്ശേഷം നിഗൂഢമായ ആമസോൻ കാട്ടിൽ നിന്നും അവർ അതിജ്ജീവിച്ചു വന്നിരിക്കുകയാണ്. 13,9,4 വയസ്സുള്ള കുട്ടികളാന്ന് 11 മാസം പ്രായമുള്ള കുഞ്ഞിനെയുമെടുത്ത് കാട്ടിൽ




സഞ്ചരിച്ചത്. ജാഗോറുകളും പാമ്പുകളും ഇരപിടിയൻ മൃഗങ്ങളും ഏറേയുളള മഴക്കാടുകളിൽ കുട്ടികൾ എങ്ങനെ അതിജ്ജീവിച്ചു എന്നത്

ആശ്ചര്യപ്പെടുത്തുന്നതാണ്.

കൊളമ്പിയയിലെ പ്രാദേശിക ഗോത്ര വിഭാഗമായ ഹ്യൂട്ടോട്ടോ വിഭാഗത്തിൽ നിന്നുള്ള കുട്ടികൾ അവർക്ക് പരമ്പരാഗതമായി ലഭിച്ച അറിവ് ഉപയോകിക്കുകയും ഭക്ഷ്യയോഗ്യമായ പഴങ്ങൾ തിരിച്ചറിഞ്ഞ് ഭക്ഷിക്കുകയും ചെയ്തു. വേട്ടയാടാനും മീൻപിടിക്കാനും ഉള്ള പരിശീലനം ചെറുപ്പത്തിലേ അവർ നേടുന്നു. ഞങ്ങൾ ഒരുമിച്ചുണ്ട്. ജീവനോടെയുണ്ട്. പരസ്പര കൈകോർത്ത സ്നേഹത്തിന്റെ മനോഹാരിതയിൽ ചാലിച്ച ഒരു കഥയാണിത്.സാഹോദര്യത്തിന്റെ മധുരഗാഥ. നമുക്കൊപ്പമുള്ള ചിലരിൽ നിന്നെങ്കിലും കളഞ്ഞുപോയ ശുഭാപ്തി വിശ്വാസം ഇവിടെ നിന്നാണ് ഇനി കണ്ടെടുക്കേണ്ടതെന്ന ആകുലതയ്ക്കിടയിൽ പ്രത്യാശഭരിതമായ ഇത്തരം വാർത്തകൾ ഉണ്ടാകുമ്പോൾ ആണ് ഈ ലോകം വാസയോഗ്യമാണെന്ന് തോന്നുന്നത്. നമ്മുടെ കൊച്ചു കേരളത്തിൽ പോലും ദിവസവും നാം കേൾക്കുകയും കാണുകയും ചെയ്യുന്ന കുറ്റകൃത്യങ്ങൾക്ക് ഇടയിൽ മനസ്സിനെ മൂടുന്ന എത്രയോ സങ്കടവാർത്തക്കിടയിലാണ് ആമസോൺ കാടുകളിൽ അപൂർവമായായ ഈ അതിജീവന കഥ പിറവികൊണ്ടിരിക്കുന്നത്.

# അമ്മ എന്ന ഗുരു



നാം കൺമുന്നിൽ കണ്ട ആദ്യ ദൈവം

നമ്മെ അക്ഷരം പഠിപ്പിച്ച ആദ്യ ഗുരു

അമ്മ എന്ന മഹത്വം വേറൊന്നിനും ഇല്ല ഭൂവിൽ

സങ്കടങ്ങൾക്കപ്പുറം സൗഖ്യമുണ്ടെന്ന്

പഠിപ്പിച്ചോരമ്മ

പേമാരികൾക്കപ്പുറം

സൂര്യോദയമുണ്ടെന്ന് പഠിപ്പിച്ചോരമ്മ

അമ്മ പകർന്നു തന്ന പാഠങ്ങൾ

വലുതാണെന്നോർക്കുക

കൈവെടിയരുതാരും അവയാണ് ജീവിത വഴികാട്ടി.

ഫാത്തിമ കെ

# നരകത്തിൽ നിന്ന് സ്വർഗത്തിലേക്ക്

ഞാൻ ലഹരി എന്ന ഒരു ചെറിയ കുപ്പിക്കുള്ളിൽ കുടുങ്ങിപ്പോയ ഒരു പിഞ്ചു പൈതൽ. ഇതിനുള്ളിൽ കൂര കൂരിരുട്ടാണ്. ഇതിൽ നിന്നും രക്ഷിക്കാൻ പലരും ശ്രമിച്ചു. പക്ഷേ ഒരു ശ്രമത്തിലും വിജയം ഉണ്ടായില്ല. ഇതിനുള്ളിൽ നിന്നും എനിക്കൊരു നേട്ടവും ഉണ്ടായിട്ടില്ല. എന്റെ മുളച്ചു പന്തലിക്കുന്ന എന്റെ ബുദ്ധിയെ അത് വശീകരിച്ചു കൊണ്ട് പോയി. ഇനിയും ഞാൻ കരുതുന്നു ആരെങ്കിലും എന്നെ ഇതിൽ നിന്ന് രക്ഷപ്പെടുത്തുമെന്ന്. ഒരു പക്ഷേ എന്റെ ജീവിതത്തെ തന്നെ ഇല്ലാതാക്കും. അങ്ങനെ കുറച്ചു ദിവസങ്ങൾ കഴിഞ്ഞു. ആ കുടിക്കാൻ വച്ചിരുന്ന മധ്യക്കുപ്പിയിൽ ഒരു ഇളക്കം പതിയെ പതിയെ ആ കുപ്പിക്കകത്ത് പ്രകാശം പരന്നു. അങ്ങനെയാണ് എനിക്ക് മനസ്സിലായത് ആരോ ഒരാൾ ആ മധ്യം നിറച്ച കുപ്പി കുടിക്കാനുള്ള നീക്കത്തിലേക്കാണ് എന്ന്.

അങ്ങനെ അയാൾ അത് അകത്താക്കി. അതിനോടൊപ്പം അയാളുടെ നഗരതുല്ല്യമായ വയറ്റിലേക്ക് ഞാനും കടന്ന് പോയി അതു കണ്ടാൽ അതി ഭീകരവും എന്നാൽ സങ്കടവുമായ കാഴ്ചയാണ്. എന്തായാലും ലഹരിയിൽ അടിമപ്പെട്ട ഒരാളുടെ വയർ ഇങ്ങനെയായിരുന്നു എന്ന് എനിക്ക് മനസ്സിലായത്.

ഇതു കണ്ടപ്പോൾ തന്നെ എന്റെ മനസ്സിൽ നിന്ന് ആ ഭയാനകമായ ലഹരിയുടെ ലോഘം എന്നെ വിട്ടു പിരിഞ്ഞത് അതായിരിക്കാം.

' എന്റെ പുതിയ ജീവിതത്തിലേക്കുള്ള ആദ്യ കാൽ വെപ്പ്.

ഫബീല ഫാത്തിമ

'

# മോഹം

അഴികളിൽക്കുള്ളിലായ്
അലയുന്ന പ്രാണൻ
അലറുവാൻ വെമ്പുന്ന
മനമുള്ള മിഴികൾ
കരങ്ങളിൽ എരിയുന്ന
അഗ്നിതൻ തീക്ഷ്ണ് !
തിരിയുന്ന പാതയിൽ
മൗനമായി നിൽക്കെ
ചിതറുന്ന ആത്മാവിൻ
ചിറകായി മാറി
ചതിയെ ആളുന്ന
തീയായി മാറി
ജ്വലിക്കുന്ന ചിറകുമായി
ഉയരുവാൻ മോഹം !

നൗഫ്

പത്ത് ബി

നന്ദി

ഗവൺമെന്റ് ഹൈസ്കൂൾ തേറ്റമലയുടെ ലിറ്റിൽ കൈറ്റ്സ് കുട്ടികൾ  അണിയിച്ചൊരുക്കുന്ന "ഇലകൾ പച്ച" എന്ന മാഗസിന് എല്ലാ വിധ ആശംസകളും നേരുന്നു.ഇതിനു പിന്നിൽ പ്രവർത്തിച്ച ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ് മാർക്കും,ലിറ്റ് കൈറ്റ്സ് അംഗങ്ങൾക്കും അഭിനന്ദനങ്ങൾ അറിയിക്കുന്നു

ഗവൺമെന്റ് ഹൈസ്കൂൾ തേറ്റമലയുടെ ലിറ്റിൽ കൈറ്റ്സ് കുട്ടികൾ നടത്തുന്ന പ്രവർത്തനം മാതൃകാപരമാണ്.കുട്ടികൾ അണിയിച്ചൊരുക്കുന്ന "ഇലകൾ പച്ച" എന്ന മാഗസിന് എല്ലാ വിധ ആശംസകളും നേരുന്നു.ഇതിന്റെ അണിയറാ ശിൽപ്പികൾക്ക് എന്റെ സ്നേഹാദരങ്ങൾ.